പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 333 — 18.10.2016 -ൽ മറുപടിയ്ക്ക്

## വിനോദസഞ്ചാര മേഖലയുടെ വികസനം

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ.പി.ടി. തോമസ്<br>ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.കെ.സി.ജോസഫ് : | | | ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി |
| എ) | സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയുടെ വികസനത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ; | എ) യും ബി) യും | സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയുടെ വികസനത്തിന് വിവിധങ്ങളായ പദ്ധതികളാണ് വകുപ്പ് ആവിഷ്കരിച്ച് വരുന്നത്. പുതിയ ടൂറിസം ഉത്പന്നങ്ങളുടെ വികസനം, കാര്യക്ഷമതയുള്ള പ്രചാരണ പരിപാടികൾ, നൂതന വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കൽ, ടൂറിസം കേന്ദ്രങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിടുന്ന പദ്ധതികൾ ആവിഷ്കരിക്കൽ, ടൂറിസം രംഗത്ത് മികവുറ്റ മാനവശേഷി വികസനം, തദ്ദേശവാസികൾക്ക് ടൂറിസത്തിന്റെ ഗുണഫലങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ, സ്വകാര്യ-പൊതു മേഖലകളിലൂടെ ടൂറിസം രംഗത്തുള്ള നിക്ഷേപം വർദ്ധിപ്പിക്കൽ എന്നിങ്ങനെ വിവിധ കർമ്മ പദ്ധതികൾ ഇതിനായി ടൂറിസം വകുപ്പ് ആസൂത്രണം ചെയ്തിട്ടുണ്ട്. |
| ബി) | ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിവരിക്കുമോ; | | |
| സി) | സംസ്ഥാനത്തിന്റെ പ്രകൃതി സംരക്ഷണത്തിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമുള്ള കാര്യങ്ങൾ ടൂറിസ വികസനത്തിനുള്ള | സി) | ടൂറിസം പദ്ധതികൾ തയ്യാറാക്കുമ്പോൾ പ്രകൃതി സംരക്ഷണത്തിന് വകുപ്പ് ഏറ്റവും പ്രാധാന്യം നൽകുന്നുണ്ട്. പ്രകൃതിയുമായി ഇണങ്ങുന്ന വാസ്തുശിൽപ ശൈലിയും, നിർമ്മാണ വസ്തുക്കളും ഉപയോഗിക്കുന്നു. |

| | | | |
|---|---|---|---|
| | പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഉൾപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കുമോ? | | ജലസംരക്ഷണ പദ്ധതികളും, സൗരോർജ്ജമടക്കമുള്ള പ്രകൃതിദത്തമായ ഊർജ്ജസ്രോതസ്സുകളും ഉപയോഗിക്കുന്നതിനും പ്രാധാന്യം നൽകുന്നുണ്ട്. അടിസ്ഥാന സൗകര്യ വികസനം ടൂറിസം പദ്ധതികളുടെ പ്രധാന ഘടകമാണ്. ടൂറിസം കേന്ദ്രങ്ങളിൽ എത്തിച്ചേരുന്നതിനുള്ള സൗകര്യം, കുടിവെള്ളം, വൈദ്യുതി, മാലിന്യ സംസ്കരണം, ദിശാസൂചകങ്ങൾ, ശുചിമുറി സൗകര്യങ്ങൾ എന്നിവ പദ്ധതികളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ